# കേരള സർവകലാശാല

നം. പി.ആർ.122/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി പ്രവേശനം : തിരുത്തലുകൾ പരിശോധിക്കണം

കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള അപേക്ഷകളിൽ തിരുത്തലുകൾ വരുത്തുവാൻ അപേക്ഷ സമർപ്പിച്ചിരുന്നവർ ഇന്ന് (12.07.2016) മൂന്ന് മണിക്ക് മുമ്പ് ആപ്ലിക്കേഷൻ നമ്പരും, പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തിരുത്തലുകൾ വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കണം. തിരുത്തലുകൾ വരുത്തിയിട്ടില്ലായെങ്കിൽ ഉടൻതന്നെ സർവകലാശാലയുമായി ബന്ധപ്പെടുക. തിരുത്തലുകൾ വരുത്തിയതായി കാണുന്നവർ സർവകലാശാലയുമായി ബന്ധപ്പെടേണ്ടതില്ല. അവർ പുതിയ പ്രിന്റ് ഔട്ട് എടുക്കേണ്ടതാണ്. ഫോൺ. 0471-2304631, 8281883052, 8281883053.

### പി.ജി ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ 22-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ എം.എ/ എം.എസ്സി/ എം.കോം/ എം.എസ്.ഡബ്ലിയു/ എം.ടി.എ/ എം.പി.എ പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എ.എസ്.എൽ.പി ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ.എസ്.എൽ.പി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജൂലൈ 30 വരെ അപേക്ഷിക്കാം.

### ആയുർ ഇൻഫർമാറ്റിക്ക രണ്ടാം പതിപ്പ്

കേരള സർവകലാശാല കാര്യവട്ടം കമ്പ്യൂട്ടേഷണൽ ബയോളജി & ബയോ ഇൻഫർമാറ്റിക്സ് എം.എച്ച്.ആർ.ഡിയുടെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഇൻ ആയുർ ഇൻഫർമാറ്റിക്സ് & കമ്പ്യൂട്ടർ എയ്ഡഡ് ഡ്രഗ് ഡിസൈൻ പ്രസിദ്ധീകരിക്കുന്ന റിസർച്ച് ബുള്ളറ്റിൻ ആയുർ ഇൻഫർമാറ്റിക്ക -യുടെ രണ്ടാം പതിപ്പ് ഹയർ എജ്യൂക്കേഷൻ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ബി ശ്രീനിവാസ് ഐ.എ.എസ് ജൂലൈ 13 രാവിലെ 9.30-ന് വകുപ്പ് സെമിനാർ ഹാളിൽ നിർവ്വഹിക്കും.

### ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് പരീക്ഷ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ പരീക്ഷകൾ ആഗസ്റ്റ് ഒന്നിന് തുടങ്ങും. പി.എം.ജിയിലെ സി.എ.സി.ഇ.ഇ, കൊല്ലം ടി.കെ.എം കോളേജ്, കാഞ്ഞിരംകുളം കെ.എൻ.എം കോളേജ്, ശാസ്താംകോട്ട യു.ഐ.ടി എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രങ്ങളായിരിക്കും. പരീക്ഷാഫീസ് 1170 രൂപ.

പരീക്ഷയ്ക്ക് പിഴകൂടാതെ ജൂലൈ 15 (50 രൂപ പിഴയോടെ ജൂലൈ 20, 250 രൂപ പിഴയോടെ ജൂലൈ 25) വരെ അപേക്ഷിക്കാം. ഫോൺ. 0471-2302523.

## പ്രഭാഷണ പരമ്പര

കേരള സർവകലാശാല കാര്യവട്ടം സെന്റർ ഫോർ വേദാന്ത സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 13 വരെ നടക്കുന്ന 'എ.ബി.സി ഓഫ് വേദാന്ത' എന്ന പ്രഭാഷണ പരമ്പര പ്രൊഫ. സി.ജി രാജഗോപാൽ ഉദ്ഘാടനം ചെയ്തു. ഗവ. സംസ്കൃത കോളേജ് വേദാന്ത വിഭാഗം മേധാവി ഡോ. എം രഞ്ജിനി ആദ്ധ്യക്ഷം വഹിച്ചു.

## കേസ് സ്റ്റഡി ഡെമോൺസ്ട്രേഷൻ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി കമ്പ്യൂട്ടർ സയൻസിന്റെ (2014-16 ബാച്ച്) കേസ് സ്റ്റഡി ഡെമോൺസ്ട്രേഷൻ ജൂലൈ 20-ന് എസ്.ഡി.ഇയിൽ നടത്തും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
11.07.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**